## ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക മിഷൻ
## വാർഷിക പ്രവർത്തന റിപ്പോർട്ട് – 2024-2025

യോസേഫ് സഹോദരന്മാരോടു: ഞാൻ യോസേഫ് ആകുന്നു; (ഉല്പത്തി 45:3)

യോസേഫ് സഹോദരന്മാരോട് ഞാൻ യോസേഫ് ആകുന്നു എന്നു പറഞ്ഞ് സ്വയം വെളിപ്പെടുത്തിയതുപോലെ, ഇത് ഞാൻ ആകുന്നു എന്ന് യേശുക്രിസ്തുവും പലപ്പോഴും വെളിപ്പെടുത്തിയ ഒരു വർഷമായിരുന്നു കടന്നു പോയത്. ഇടവക മിഷൻ മീറ്റിംഗുകളിൽ തുടർച്ചയായി പങ്കെടുത്തവരെയും, ജോലി തിരക്കിന്റെയും, മറ്റ് ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ധത്തിന്റെയും മദ്ധ്യേ, സമയം കണ്ടെത്തി വന്നവരെയും, സ്നേഹപൂർവ്വം സ്മരിച്ചുകൊണ്ട്, യേശുക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലും ഭവനങ്ങളിലും വെളിപ്പെടുത്തുവാൻ ദൈവം നമ്മുക്കേവർക്കും ശക്തിയും കൃപയും നൽകട്ടെയെന്നും പ്രാർത്ഥിച്ചും കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഇടവക മിഷൻ എല്ലാ ഞായറാഴ്ചയും വൈകിട്ട് 7.15 മുതൽ 8.15 വരെ മാർത്തോമ്മാ സെന്ററിൽ നടത്തി വരുന്നു. താഴെ രേഖപ്പെടുത്തിയിരിക്കുന്നവരെ 2024-2025 സാമ്പത്തിക വർഷത്തേക്ക് തിരഞ്ഞെടുത്തു.

| | |
|---|---|
| വൈസ് പ്രസിഡൻ്റ് | : വർഗ്ഗീസ് മാത്യു |
| സെക്രട്ടറി | : ഷിബു ഫിലിപ്പ് |
| ട്രഷറാർ | : സന്തോഷ് കെ. കുര്യൻ |

ക്രിസ്തുവിനെ ജീവിതത്തിലും സഭയിലും സമൂഹത്തിലും വെളിപ്പെടുത്തുകയാണ് ഇടവക മിഷനും അതിന്റെ ഏഴിന പരിപാടികളായ മദ്ധ്യസ്ഥ പ്രാർത്ഥനകൾ,ഫെലോഷിപ്പ് മീറ്റിംഗുകൾ, വേദപഠനം, അനുഭവങ്ങളുടെ പങ്കിടീൽ, ഭവന സന്ദർശനങ്ങൾ, പ്രാർത്ഥനായോഗങ്ങളുടെ നടത്തിപ്പ്, ഇതര മതരസ്ഥരുടെ ഇടയിലെ സുവിശേഷ വേലകൾ എന്നിവയിലൂടെ ചെയ്യുന്നത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽനിന്നും അതിന്റെ ആദ്യത്തെ വാക്യം മുതൽ, കഴിഞ്ഞ വർഷങ്ങളിൽ പഠിപ്പിച്ചു വന്നതിന്റെ തുടർച്ചയായി ഈ നടപ്പു വർഷവും വികാരി റവ. ചാക്കോ കെ. സി. ഓരോ ഇടവക മിഷൻ മീറ്റിംഗുകളിലും പഠിപ്പിച്ചു വന്നു. വൽസമ്മ കൊച്ചമ്മ വന്നതു മുതൽ ആദ്യം വൽസമ്മ കൊച്ചമ്മയും പിന്നീട് റവ. ചാക്കോ കെ. സിയും വെളിപ്പാട് പുസ്തകത്തിൽ നിന്നും പഠിപ്പിച്ചു വരുന്നു. അങ്ങനെ വചനധ്യാനവും പഠനവും നടത്തി ദൈവിക വെളിച്ചം പരത്തുന്നതിൽ സഹായിച്ചതിന് ബഹുമാനപ്പെട്ട റവ. ചാക്കോ കെ. സിയോടും വൽസമ്മ കൊച്ചമ്മയോടുമുള്ള അത്മീയമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഇടവകയുടെ എല്ലാ പ്രവർത്തങ്ങളിലും ഇടവക മിഷൻ അംഗങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു. ഇടവക പിക്നിക്കിനിക്കിന്റെയും  ഇടവക കൺവൻഷന്റെയും കൺവീനറായി ഇടവക മിഷൻ വൈസ് പ്രസിഡന്റായ ശ്രീ. വർഗീസ് മാത്യു പ്രവർത്തിച്ചു. റിപ്പോർട്ട് വർഷത്തിൽ ഇടവക മിഷന്റെ നേതൃത്വത്തിൽ 2025 - ലെ  മാരാമൺ കൺവൻഷൻ ഗീതങ്ങളുടെ പാട്ടു പുസ്തകം സൗജന്യമായി വിതരണം ചെയ്യുവാൻ സാധിച്ചു.

റിപ്പോർട്ട് വർഷം ശ്രീ. എബി ജോർജ്ജ് സെൻ്റർ ഇടവക മിഷൻ  സെക്രട്ടറിയായി പ്രവർത്തിക്കുകയും, നല്ല പ്രവർത്തനം നടത്തുകയും ചെയ്തു.

സംഘവാരത്തിന്റെ ആദ്യ ഞായറാഴ്ചയായ ഒക്ടോബർ 6 – തിയതി ബഹുമാനപ്പെട്ട കർത്തൃ ദാസൻ ബ്രദർ ബേസിൽ വറുഗ്ഗീസ് പ്രസംഗിച്ചു. അതേ മാസം  7, 8, 9 തീയതികളിൽ ഇടവകമിഷനിൽ വന്നുകൊണ്ടിരിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു. ഒക്ടോബർ 7 -)ം തിയതി ഭവന സന്ദർശനത്തിന് സന്നദ്ധസുവിശേഷക സംഘത്തിന്റെ സെക്രട്ടറിയായ ബഹുമാനപ്പെട്ട പി. സി. ജയിംസ് അച്ചൻ പങ്കെടുത്തു. ഒക്ടോബർ മാസം 10-ന് സംഘദിനമായി ആചരിക്കയും, ബഹുമാനപ്പെട്ട .പി. സി. ജയിംസ് അച്ചൻ കുർബ്ബാനയ്ക്ക് നേതൃത്വം നൽക്കുകയും ചെയ്തു. അന്നേദിവസം ആരാധാനയ്ക്ക് വേണ്ടുന്ന കൈത്താങ്ങൽ നൽകിയ പ്രിയപ്പെട്ടവർക്കുള്ള നന്ദിയും അറിയിക്കുന്നു.

ഒക്ടോബർ മാസം 11- ന് മർത്തോമ്മാ സെന്ററിൽ വെച്ച് ഇടവക മിഷന്റെ സെൻ്റർ മീറ്റിംഗ് നടത്തി. അന്ന് ബഹുമാനപ്പെട്ട .പി. സി. ജയിംസ് അച്ചൻ സന്നിഹിതനായിരുന്നു. നൂറിലധികം പേർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു, അവരോടും, യോഗത്തിനു വേണ്ട സഹായ സഹകരണങ്ങൾ തന്ന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും അറിയിക്കുന്നു

ഇടവക മിഷൻ അംഗങ്ങൾ അവധിക്കായി നാട്ടിൽ പോകുമ്പോഴും മറ്റ് ആവശ്യങ്ങളിൽ ഇരിക്കുമ്പോഴും അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥനയുടെ കൈത്താങ്ങൽ നൽകുകയും ചെയ്തു, അതുപോലെ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ ദുഃഖിതരായി ഇരിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഇടവക മിഷന്റെ ആവശ്യങ്ങളിലും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും തുണയായി നിന്ന ദൈവത്തിന്റെ അദ്ഭുതകരമായ ശക്തിക്കായി സ്തോത്രം ചെയ്യുന്നു. ഇത്രത്തോളം നടത്തിയ ദൈവം വീണ്ടും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ കൂടെ നിൽക്കുകയും അതോടൊപ്പം തന്നെ നമ്മുക്ക് വേണ്ടുന്ന ആലോചനകൾ പകർന്നു നൽക്കുകയും ചെയ്യുമാറാകട്ടെയെന്നു പ്രാർത്ഥിക്കാം. അങ്ങനെയുള്ള ദൈവത്തിൽ സകലവും ഭരമേല്പിച്ച് ഇമ്മാനുവേൽ മർത്തോമ്മാ ഇടവക മിഷന്റെ 2024-2025 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

**സാമ്പത്തികം:**